# മെരുവമ്പായി എം യു പി സ്കൂൾ

## ടീച്ചിംഗ് മാന്വൽ

**[Prepared by Geethu Sreedharan E ,LPST,MMUP]**

## സ്റ്റാന്റേർഡ് -1

## ഗണിതം






### പഠനനേട്ടങ്ങൾ

- വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് യോജിച്ച പദങ്ങൾ ഉപയോഗിക്കുന്നു.
- സ്ഥലപരമായ അവസ്ഥ സൂചിപ്പിക്കുന്നതിന് ഏററവും ഉചിതമായ പദങ്ങൾ ഉപയോഗിക്കുന്നു.



# താരയുടെ വീട്

**<u>പ്രവർത്തനം 1</u>**

ചിത്രവായന

ടി.ബി 6 – നിരീക്ഷിക്കുന്നു - [ICT]

- ചിത്രത്തിൽ എന്തെല്ലാം കാണുന്നു?
- ഓരോന്നും എവിടെയാണുള്ളത്?
- ഓരോന്നിന്റെയും നിറം എന്ത്?

ക്ലാസിൽ ചർച്ച നടത്തുന്നു

**വിലയിരുത്തൽ**

**- നിരീക്ഷിക്കുവാനുള്ള കഴിവ്**

**-ആശയവിനിമയശേഷി**

**- പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനുള്ള കഴിവ്**

**<u>പ്രവർത്തനം 2</u>**

വലുത് / ചെറുത്

ടീച്ചർ സന്ദർഭം അവതരിപ്പിക്കുന്നു .

വലുതും ചെറുതുമായ രണ്ട് പാത്രങ്ങൾ കാണിക്കുന്നു.

നമ്മുടെ ക്ലാസിലെ എല്ലാ കുട്ടികൾക്കും വെള്ളം കുടിക്കണം

ഏതു പാത്രത്തിൽ വെള്ളം എടുക്കണം, കുട്ടികൾ പാത്രം തിരഞ്ഞെടുക്കുന്നു.

- എന്തുകൊണ്ട് ആ പാത്രം തിരഞ്ഞെടുത്തു?
- ചെറിയ പാത്രമായാൽ എന്താണ് പ്രശ്നം?

ടീച്ചർ പുസ്തകം, ബാഗ്, മേശ, ബോട്ടിൽ എന്നിവയുടെ ചിത്രം കാണിച്ച്

വലുത്/ചെറുത് കണ്ടെത്താൻ പറയുന്നു - [ICT]

**വിലയിരുത്തൽ**

**വലുത് ചെറുത് - ആശയധാരണ**

**ആശയവിനിമയശേഷി**

Meruvambayi MUPS

**II**

<u>പ്രവർത്തനം 3</u>

ടീച്ചർ മഞ്ചാടി ഒരു ബോക്സിൽ കുട്ടികൾ കാണാതെ ഇടുന്നു.

ബോക്സിൽ എന്താണെന്ന് ചോദിക്കുന്നു

കുട്ടികൾ ഊഹിച്ച് ഉത്തരം പറയുന്നു

ഒരു കുട്ടി ബോക്സ് തുറന്നതിന് ശേഷം അകത്തെ വസ്തു കാണിക്കുന്നു .

ശരിയുത്തരം കണ്ടു പിടിച്ചു.

ചർച്ച ചെയ്യുന്നു.

ചിത്രം കാണിക്കുന്നു. - - [ICT]

- അകത്ത് എന്താണ് ഉള്ളത്? പറയാമോ?

<u>പ്രവർത്തനം 4</u>

അകത്ത്- പുറത്ത് കളി കളിക്കുന്നു

ക്ലാസിൽ ഒരു വട്ടം വരയ്ക്കുന്നു. വട്ടത്തിനുള്ളിൽ കുട്ടികൾ നിൽക്കുന്നു,വട്ടത്തിനു പുറത്തും നിൽക്കുന്നു.

അകത്ത് ആരെല്ലാം, പുറത്ത് ആരെല്ലാം എന്ന് ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടി പറയുന്നു.

കുട്ടികളെ മാററി കളി ആവർത്തിക്കുന്നു.

**വിലയിരുത്തൽ**

**അകത്ത് /പുറത്ത് ആശയധാരണ,ആശയവിനിമയശേഷി**

Meriyambayi MUPS

III

<u>പ്രവർത്തനം 5</u>

അകത്ത് /പുറത്ത്  പറയാനുള്ള സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തി പറയുന്നു.

- ബാഗിനുള്ളിൽ പുസ്തകം
- പെട്ടിക്കു പുറത്ത് പേന
- കവറിനു പുറത്ത് പന്ത്
- കുപ്പിക്കകത്ത് വെള്ളം
- ക്ലാസിൽ കുട്ടികൾ
- അലമാരയിൽ തുണി

<u>പ്രവർത്തനം 6</u>

ചിത്രവായന- പാഠപുസ്തകം - [ICT]

പാഠപുസ്തകത്തിലെ വലുത് ഏത് ✔ എന്നതിന് (  ) നൽകുന്നു

ഓരോരുത്തരും ചെയ്തത് പരസ്പരം വിലയിരുത്തുന്നു

ചിത്രങ്ങൾ--------------------------------------------------------------------- - [ICT]

ചിത്രത്തിൽ വലുത് ഏത് എന്ന് കുട്ടികൾ കണ്ടെത്തി പറയുന്നു.

അകത്ത്/ പുറത്ത് , വലുത്/ ചെറുത് ഇവ രണ്ടും ഉൾപ്പെടുന്ന പ്രവർത്തനം ചെയ്യുന്നു.

- വലിയ പന്തെടുത്ത് കവറിനകത്ത് ഇടുക
- ചെറിയ പന്ത് വലിയ ബോക്സിനകത്ത് വയ്ക്കുക
- പുസ്തകം ബാഗിനു പുറത്ത് വയ്ക്കുക
- പെൻസിൽ ബോക്സിനുള്ളിൽ വയ്ക്കുക

**വിലയിരുത്തൽ**

**ആശയധാരണ,താരതമ്യം ചെയ്യാനുള്ള കഴിവ്**

Meriyambayi MUPS

## IV

<u>പ്രവർത്തനം 7</u>

മുകളിൽ/താഴെ - ഉയരം കൂടിയത്/ ഉയരം കുറഞ്ഞത് എന്നീ വാക്കുകൾ ഉപയോഗപ്പെടുത്താവുന്ന കഥ ടീച്ചർ അവതരിപ്പിക്കുന്നു.

**കഥ -തൊപ്പിക്കാരനും കുരങ്ങന്മാരും** - [ICT]

കഥയുമായി ബന്ധപ്പട്ട ചോദ്യങ്ങൾ ചോദിക്കുന്നു

1. തൊപ്പിക്കാരൻ - (ഉയരം കൂടിയത്/ ഉയരം കുറഞ്ഞത്)
2. മരം -(ഉയരം കൂടിയത്/ ഉയരം കുറഞ്ഞത്)

<u>പ്രവർത്തനം 8</u>

***വീഡിയോ*** - [ICT]

വീഡിയോയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നു

- ചിത്രത്തിൽ എന്താണു കാണുന്നത്?
- ചിത്രത്തിൽ വലിയ ആന ഏതാണ്?
- മരത്തിന്റെ മുകളിൽ ആരൊക്കെ?
- മരത്തിന്റെ താഴെ ആര്?

**വിലയിരുത്തൽ**

**ആശയവിനിമയശേഷി**

Meruvambayi MUPS

## V

<u>പ്രവർത്തനം 9</u>

ഒരു slide Show കാണിക്കുന്നു - **[ICT]**

ഇതിൽ നിന്നും മുകളിൽ, താഴെ കൂടുതൽ കുട്ടികൾ മനസിലാക്കുന്നു.

<u>പ്രവർത്തനം 10</u>

മുകളിൽ താഴെ എന്നിങ്ങനെയുള്ള സന്ദർഭങ്ങൾ കണ്ടെത്തി പറയുന്നു.

- **[ICT]**

കുട്ടികൾ കൂടുതൽ സന്ദർഭം പറയുന്നു

തുടർന്ന് ക്ലാസിൽ ചർച്ച നടക്കുന്നു .

ഉയരമുള്ള ഒരു കൊമ്പിൽ കുറേ മാങ്ങയുണ്ട്. എങ്ങനെ പറിച്ചെടുക്കും.

പാഠപുസ്തകം പേജ് 9 ലെ പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യുന്നു.ടീച്ചർ സംഭാഷണം വായിച്ചു കൊടുക്കുന്നു. -**[ICT]**

പ്രവർത്തനങ്ങൾ കുട്ടികൾ പരസ്പരം വിലയിരുത്തുന്നു.

**വിലയിരുത്തൽ**

**കാര്യകാരണസഹിതം വിശദീകരിക്കാനുള്ള കഴിവ്, ആശയ വിനിമയ ശേഷി, വിമർശനാത്മക ചിന്ത**

Meruvambayi MUPS

## VI

<u>പ്രവർത്തനം 11</u>

കൂടുതൽ/ കുറവ്, മുന്നിൽ/ പിന്നിൽ, ഇടത്/വലത്, അകലെ/അടുത്ത്, കൂടുതൽ/കുറവ്

എന്നീ ആശയങ്ങൾ അടങ്ങിയ ഒരു slide പ്രദർശിപ്പിക്കുന്നു.

***ICT-slide***

<u>പ്രവർത്തനം 12</u>

രണ്ട് കൂട്ടങ്ങളായി വച്ചിരിക്കുന്ന മഞ്ചാടിയിൽ കൂടുതലുള്ളത് വലിയ കൂട്ടം ഏതെന്ന് കുട്ടികൾ കണ്ടെത്തി പറയുന്നു.

- കുട്ടികളെ വരിയായി നിർത്തുന്നു. ടീച്ചർ ഒരാളുടെ പേരു പറയുന്നു. ആ കുട്ടി തന്റെ മുന്നിലും പിന്നിലും ഉള്ള കുട്ടികളുടെ പേരു പറയുന്നു.
-
- തുടർന്ന് ഒരു നടത്ത മത്സരം നടത്തുന്നു അതിൽ നിന്നും മുന്നിലെത്തുന്ന കുട്ടിയേയും പിന്നിലെത്തുന്ന കുട്ടിയേയും കണ്ടെത്തുന്നു.

- കുട്ടികളെ വരിയായി നിർത്തി ഇടത്/ വലത് കണ്ടെത്തുന്നു .

- രണ്ട് കുട്ടികൾ അഭിമുഖമായി നിന്ന് വലതു കൈകൾ ഉപയോഗിച്ച് ഷെയ്ക്ക് ഹാൻഡ്കൊടുക്കുന്നു .ഇടതു കൈകൾ ഉപയോഗിച്ച് ഷെയ്ക്ക് ഹാൻഡ് കൊടുക്കുന്നു .

ടീച്ചർ 10 11 12 പേജുകളിലെ സംഭാഷണം വായിച്ചു കേൾപ്പിക്കുന്നു. കുട്ടികൾ

✔ മാർക്ക് ചെയ്യുന്നു - **[ICT]**

തുടർപ്രവർത്തനം

കണ്ണാടിക്ക് അഭിമുഖമായി നിന്ന് വലതു കൈ ഇടതു കൈ എന്നിങ്ങനെ ഉയർത്തുക നിരീക്ഷിക്കുക

**വിലയിരുത്തൽ**

**ആശയധാരണ, പരസ്പര ബന്ധം കണ്ടെത്തൽ**

**കാര്യകാരണസഹിതം സമർഥിക്കാനുള്ള കഴിവ്**

Meruvambayi MUPS

പ്രവർത്തനം 13

വണ്ടികളി-

നാല് പേർ തോളിൽ പിടിച്ച് ഒരു വണ്ടിയും, ആറ് പേർ തോളിൽ പിടിച്ച് മറ്റൊരു വണ്ടിയും ക്ലാസിൽ ഉണ്ടാക്കുക. ടീച്ചർ നിർദേശങ്ങൾ നൽകുന്നു .

- ഒന്നാം വണ്ടി വലത്തോട്ട് തിരിയട്ടെ
- രണ്ടാം വണ്ടി ഇടത്തോട്ട് തിരിയട്ടെ
- ഒന്നാം വണ്ടിയിൽ ഒരു കുട്ടി വലിയ പന്തുമായി കയറട്ടെ
- ഒന്നാം വണ്ടി അടുത്തു കിടക്കുന്ന കമ്പു കഷണത്തിന്റെ മുകളിലൂടെ പോവുക
- ഒന്നാം വണ്ടിയിൽ 5 പേർ കയറണം. തോരണം കെട്ടിയതിന് താഴെക്കൂടി പോകട്ടെ
- വണ്ടിയിൽ  കയറാനുള്ളവർ വലതു കൈ പൊക്കട്ടെ
- വലതുകൈ കാണിച്ച് വണ്ടി നിർത്തുക
- രണ്ടാം വണ്ടി ഇടത്തോട്ട് തിരിയുക

കുട്ടികൾ വർക്ക് ഷീറ്റ് പൂർത്തിയാക്കുന്നു- **യൂണിറ്റ് വിലയിരുത്തൽ** - [ICT]

Meruvambayi MUPS